**പതിനാലാം കേരള നിയമസഭ**
**പതിമൂന്നാം സമ്മേളനം**

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ - 2116 | 05.12.2018 ൽ മറുപടിക്ക്

## സൈബർ ക്രൈമുകൾ

| ചോദ്യം | | ഉത്തരം |
|---|---|---|
| | ശ്രീ.സി.ദിവാകരൻ | പിണറായി വിജയൻ<br>(മുഖ്യമന്ത്രി) |
| (എ) | സംസ്ഥാനത്ത് സൈബർ ക്രൈമുകൾ നിയന്ത്രിക്കുന്നതിന് എന്തെല്ലാം സംവിധാനങ്ങളാണ് നിലവിലുള്ളതെന്ന് വ്യക്തമാക്കുമോ; | (എ) വർദ്ധിച്ചുവരുന്ന സൈബർ കുറ്റകൃത്യങ്ങൾ തടയുന്നതിനും കാര്യക്ഷമമായ അന്വേഷണം ഉറപ്പുവരുത്തുന്നതിനുമായി നിലവിൽ തിരുവനന്തപുരത്ത് സൈബർ ക്രൈം പോലീസ് സ്റ്റേഷൻ പ്രവർത്തിച്ചു വരുന്നു. ഇതിനു പുറമെ സംസ്ഥാനത്തെ സൈബർ കുറ്റകൃത്യങ്ങളുടെ അന്വേഷണത്തിന് എറണാകുളം, തൃശ്ശൂർ, കോഴിക്കോട് എന്നിവിടങ്ങളിൽ ഓരോ സൈബർ പോലീസ് സ്റ്റേഷൻ ആരംഭിക്കുന്നതിന് അനുമതി നൽകിയിട്ടുണ്ട്. സ്ത്രീകൾക്കും കുട്ടികൾക്കു മെതിരെയുള്ള സൈബർ കുറ്റകൃത്യങ്ങൾ തടയുന്നതിനായി Cyber Crime Prevention against Women & Children Project നടപ്പിലാക്കുന്നതിന് കേന്ദ്ര ആഭ്യന്തര മന്ത്രാലയം അനുമതി നൽകിയിട്ടുണ്ട്.<br>സൈബർ കുറ്റകൃത്യങ്ങളുടെ ശാസ്ത്രീയമായ അന്വേഷണം നടത്തുന്നതിലേയ്ക്കായി ജില്ലാ സൈബർ സെല്ലുകൾ, എഫ്.എസ്.എൽ., സൈബർഡോം തുടങ്ങിയവയുടെ സേവനം ഉപയോഗപ്പെടുത്തി വരുന്നുണ്ട് .കൂടാതെ സി-ഡാക്ക് വികസിപ്പിച്ച Cyber Check Suit,Winlift,True Imager,Simextractor, Mobile Check Suit,Net Force Suit,Encase എന്നീ സൈബർ ഫോറൻസിക് ഹാർഡ് വെയർ/സോഫ്റ്റ് വെയറുകൾ ടൂളുകൾ ഉപയോഗിക്കുന്നതിന് സൈബർ സെല്ലുകളിലെ പോലീസുദ്യോഗസ്ഥരെ പ്രാപ്തരാക്കുന്നതിനു വേണ്ടി സി-ഡാക്കിൽ നിന്നും സമയാസമയങ്ങളിൽ പ്രത്യേക പരിശീലനങ്ങളും നൽകിവരുന്നുണ്ട്. |
| (ബി) | ഈ സർക്കാർ അധികാരത്തിൽ വന്ന ശേഷം നാളിതുവരെ എത്ര സൈബർ ക്രൈമുകളാണ് രജിസ്റ്റർ ചെയ്തിരിക്കുന്നതെന്ന് ജില്ല തിരിച്ച് വ്യക്തമാക്കുമോ? | (ബി) അനുബന്ധമായി ചേർത്തിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ

അനുബന്ധം

ഈ സർക്കാർ അധികാരത്തിൽ വന്ന ശേഷം നാളിതുവരെ രജിസ്റ്റർ ചെയ്ത
സൈബർ ക്രൈം കേസുകളുടെ ജില്ല തിരിച്ച കണക്ക്

| SL.NO. | District | A | | |
|---|---|---|---|---|
| | | 2016 (from 25/05/2016 to 31/12/2016) | 2017 | 2018 (up to 27/11/18) |
| 1 | TVPM C | 25 | 34 | 58 |
| 2 | TVPM R | 16 | 28 | 22 |
| 3 | KLM C | 6 | 12 | 21 |
| 4 | KLM R | 8 | 15 | 14 |
| 5 | PTA | 1 | 8 | 10 |
| 6 | ALP | 6 | 8 | 10 |
| 7 | KTM | 17 | 15 | 18 |
| 8 | IDK | 5 | 22 | 22 |
| 9 | EKM C | 25 | 45 | 42 |
| 10 | EKM R | 13 | 8 | 11 |
| 11 | TSR C | 19 | 20 | 13 |
| 12 | TSR R | 7 | 8 | 19 |
| 13 | PKD | 6 | 21 | 16 |
| 14 | MPM | 8 | 17 | 10 |
| 15 | KKD C | 6 | 11 | 28 |
| 16 | KKD R | 9 | 10 | 18 |
| 17 | WYD | 5 | 3 | 3 |
| 18 | KNR | 7 | 11 | 18 |
| 19 | KSD | 3 | 4 | 3 |
| 20 | RLYS | 0 | 0 | 0 |
| TOTAL | | 192 | 300 | 356 |

(signature)
സെക്ഷൻ ഓഫീസർ